ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

കൊലപാതകങ്ങളുടെ കണക്കുകൾ

169 (3679) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ഇതുവരെ നടന്ന കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, ഗുണ്ടാ ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ കൊലപാതകങ്ങൾ, വർഗ്ഗീയ സംഘർഷത്തെത്തുടർന്നുണ്ടായ കൊലപാതകങ്ങൾ, സദാചാര കൊലപാതകങ്ങൾ ഇവ ഓരോന്നും എത്ര വീതമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ഇതുവരെ നടന്ന കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, ഗുണ്ടാ ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ കൊലപാതകങ്ങൾ, വർഗ്ഗീയ സംഘർഷത്തെത്തുടർന്നുണ്ടായ കൊലപാതകങ്ങൾ, സദാചാര കൊലപാതകങ്ങൾ എന്നിവ ചുവടെ കൊടുത്തിരിക്കുന്നു:

കൊലപാതകങ്ങളുടെ എണ്ണം	1650
രാഷ്ട്രീയ കൊലപാത്കങ്ങളുടെ എണ്ണം	31
ഗുണ്ടാ/ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ കൊലപാതകങ്ങളുടെ എണ്ണം	9
വർഗ്ഗീയ സംഘർഷത്തെത്തുടർന്നുണ്ടായ കൊലപാതകങ്ങളുടെ എണ്ണം	3
സദാചാര കൊലപാതകങ്ങളുടെ എണ്ണം	2

പോലീസ് ഡ്രൈവർ

170 (3680) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എസ്.പി. (മലബാർ സ്പെഷൽ പോലീസ്)-ൽ ഡ്രൈവർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

എം.എസ്.പി. ബറ്റാലിയനിലെ ഡ്രൈവർ തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നിലവിൽ ഒഴിവുകളില്ല.

നാദാപുരം മേഖലയിൽ നിലവിലുള്ള കേസുകൾ

171 (3681) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നാദാപുരം മേഖലയിൽ വ്യാപാര സ്ഥാപനങ്ങൾ, വാഹനങ്ങൾ മുതലായവ തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത കേസുകളുടെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) പ്രതികളെ കണ്ടെത്തുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ നാദാപുരം മേഖലയിൽ വ്യാപാര സ്ഥാപനങ്ങൾ തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 12 കേസുകളും വാഹനങ്ങൾ തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 26 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ 31 കേസുകളിന്മേൽ അന്വേഷണം പൂർത്തിയാക്കി. 7 കേസുകളിൽ അന്വേഷണം നടന്നുവരുന്നു.

(സി) 9 കേസുകളിൽ പ്രതികളെ കണ്ടെത്തി. മറ്റ് കേസുകളിൽ പ്രതികളെക്കുറിച്ച് വ്യക്തമായ തെളിവോ വിവരങ്ങളോ ലഭിക്കാത്തതുകൊണ്ടാണ് പ്രതികളെ കണ്ടെത്തുന്നതിൽ കാലതാമസം വരുന്നത്.

എം.ബി. ബാലകൃഷ്ണന്റെ കൊലപാതകം

172 (3682) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2013 സെപ്തംബർ 16-ന് കാസർഗോഡ് ജില്ലയിൽ കൊലചെയ്യപ്പെട്ട എം. ബി. ബാലകൃഷ്ണന്റെ വിധവ കെ. വി. അനിത പ്രസ്തുത കൊലപാതക കേസ്സുവാദിക്കുന്നതിന് സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജിയിൽ അനുകൂല നടപടി എടുത്തിട്ടുണ്ടോ;